ജില്ലാ കലക്ടറുടെ കാര്യാലയം, വയനാട്,
കൽപ്പറ്റ നോർത്ത്.പി.ഒ.,
പിൻ - 673 122.
E-mail – dcwayanad@gmail.com
ഫോൺ: 04936 202251 ഫാക്സ്: 04936203450

## വയനാട് ജില്ലാ കളക്ടർ & ചെയർമാൻ, ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നടപടിക്രമം.

(ഹാജർ: ഡോ. അദീല അബ്ദുള്ള, ഐ.എ.എസ്)

വിഷയം:- ഡിസ്സാസ്റ്റർ മാനേജ്മെന്റ് - കോവിഡ്-19 വ്യാപനം തടയുന്നതിനായി DPC നിർത്തിവെക്കുന്നത് സംബന്ധിച്ച്.

സൂചന:- പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 18/03/2020 തീയതിയിലെ എസ്.എസ്.1/50/2020 നം. ഉത്തരവ്.

**ഉത്തരവ് നം. DCWYD/2909/2020/DM1 തീയതി: 19/03/2020.**

സംസ്ഥാനത്ത് കോവിഡ് -19 രോഗബാധ നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗവ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പാലിക്കേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം അടിയന്തിരമായ എല്ലാ മീറ്റിംഗുകളും ഒഴിവാക്കേണ്ടതും അടിയന്തിര പ്രാധാന്യമുള്ള മീറ്റിംഗുകൾ കഴിയുന്നതും വീഡിയോ കോൺഫറൻസിങ് വഴി മാത്രം നടത്തേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2020 ഏപ്രിൽ 30 വരെ ജില്ലാ വികസന സമിതി യോഗം (DDC) നിറുത്തി വെച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലയിൽ കോവിഡ് 19 വ്യാപകമാകുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ച ജാഗ്രതാ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകാരത്തിനായുള്ള DPC യോഗങ്ങൾ താഴെപ്പറയുന്ന പ്രകാരം പുന:ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. 2020-21 പദ്ധതികൾ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ , പ്ലാനിംഗ് ഓഫീസ് തലത്തിൽ സ്ക്രൂട്നി കമ്മറ്റികളിൽ ബന്ധപ്പെട്ട ഡിവിഷനുകളിലെ DPC മെമ്പർമാരെ ഉൾപ്പെടുത്തി ബ്ലോക്ക് അടിസ്ഥാനത്തിൽ ചെറു ഗ്രൂപ്പുകളായി ക്രമീകരിക്കേണ്ടതാണ്.

2. പദ്ധതി അന്തിമ അംഗീകാരത്തിനായി ചേരുന്ന DPC യിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ കളക്ടർ, പ്ലാനിംഗ് ഓഫീസർ, ഗവൺമെന്റ് നോമിനി കൂടാതെ താഴെ പറയുന്ന ജില്ലാ തല ഉദ്യോഗസ്ഥരായ ജോയിന്റ് കൺവീനർമാർ കൂടി യോഗം ചേർന്ന് അംഗീകാരം നൽകുന്നതാണ്.

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി
2) പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ വയനാട്
3) ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
4) ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യം
5) അസ്സിസ്റ്റൻറ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
6) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
7) പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി.

ജില്ലാ കളക്ടർ &ചെയർമാൻ, ഡിസ്ട്രിക്ട്
ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടി.

O/C
19/3/20
19/3/2020

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്
പകർപ്പ്:
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി
2) പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ വയനാട്
3) ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
4) ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യം
5) അസ്സിസ്റ്റൻറ് ഡെവലപ്പ്മെന്റ് കമ്മീഷണർ
6) ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്
7) പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി.
8)ജില്ലാ ഇൻഫർമേഷൻ ഓഫീസർ വയനാട്.

Mail
24/3/20